<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4230**</u> <u>**28-06-2024 - ൽ മറുപടിയ്ക്ക്**</u>

<u>**റീസൈക്ലിങ് വ്യവസായം പ്രോത്സാഹിപ്പിക്കാൻ നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഹരിതകർമ്മസേന മുഖേനയും അല്ലാതെയും ശേഖരിക്കുന്ന പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിച്ച് റീസൈക്ലിങ്ങ് വ്യവസായം ആരംഭിക്കാനുള്ള പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിയിൽ പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിച്ച് റീസൈക്ലിംഗ് വ്യവസായം ആരംഭിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ പുനഃചംക്രമണത്തിന് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ഗ്രാന്യൂൾസ് ഉണ്ടാക്കി നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു. നിലവിൽ ഹരിതകർമ്മസേനകൾ വഴി ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനി മുഖേന റീസൈക്ലിംഗ് ഏജൻസികൾക്ക് കൈമാറുന്നുണ്ട്. |
| (ബി) | ശേഖരിക്കപ്പെടുന്ന ജൈവമാലിന്യങ്ങൾ ജൈവവളങ്ങളായി മാറ്റുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കുമോ; അതിന് സന്നദ്ധരാകുന്ന സ്വകാര്യസംരംഭകർക്ക് ആവശ്യമായ സഹായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | **ശേഖരിക്കപ്പെടുന്ന ജൈവ മാലിന്യങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കമ്മ്യൂണിറ്റിതല കംപോസ്റ്റിംഗ് ഉപാധികൾ ഉപയോഗിച്ച് ജൈവവളം ആക്കി മാറ്റുന്നുണ്ട്. അതിന് സന്നദ്ധരാകുന്ന സ്വകാര്യ സംരംഭകർക്ക് നിലവിൽ ആവശ്യമായ സാങ്കേതിക സഹായം, എംപാനൽമെന്റ്, പദ്ധതി രൂപീകരണത്തിനാവശ്യമായ നിർദ്ദേശങ്ങൾ എന്നിവ ശുചിത്വ മിഷൻ നൽകി വരുന്നു. ഇത്തരത്തിൽ PPP അടിസ്ഥാനത്തിൽ ജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 5 ഓളം സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ എംപാനൽമെന്റ് നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്ത് കൊച്ചി കോർപ്പറേഷനിൽ അടക്കം ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ സ്വകാര്യ സംരംഭകരുടെ സഹായത്തോടെ PPP അടിസ്ഥാനത്തിലാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്.** |

സെക്ഷൻ ഓഫീസർ